# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

## വിജ്ഞാപനം*

നമ്പർ 875/അഡ്മിൻ./14/കെഎസ്ഇആർസി

തീയതി, തിരുവനന്തപുരം 2018 ജൂൺ 12
1193 ഇടവം 29
1940 ജ്യേഷ്ഠം 22

## 2018-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും സേവനവ്യവസ്ഥകളും നിബന്ധനകളും) ഭേദഗതി റഗുലേഷനുകൾ

2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് (2003-ലെ 36-ാം കേന്ദ്ര ആക്റ്റ്) 91-ാം വകുപ്പിനോട് 181-ാം വകുപ്പ് (1)-ാം ഉപവകുപ്പ് കൂട്ടിവായിച്ചപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാരിന്റെ അംഗീകാരത്തോടുകൂടിയും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയതിനു ശേഷവും, 2016 ആഗസ്റ്റ് 10-ാം തീയതിയിലെ നമ്പർ 875/അഡ്മിൻ./ 14/കെഎസ്ഇആർസി പ്രകാരം പുറപ്പെടുവിച്ചതും 2016 ആഗസ്റ്റ് 12-ാം തീയതിയിലെ 1437-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനം അതിലംഘിച്ചുകൊണ്ടും, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഇതിനാൽ, 2016 ഫെബ്രുവരി 15-ാം തീയതിയിലെ 373-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2016-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും സേവനവ്യവസ്ഥകളും നിബന്ധനകളും) റഗുലേഷനുകൾക്ക് താഴെപ്പറയുന്ന ഭേദഗതി വരുത്തുന്നു, അതായത്:-

### റഗുലേഷനുകൾ

1.*ചുരുക്കപ്പേരും പ്രാരംഭവും*.- (1) ഈ റഗുലേഷനുകൾക്ക് 2018-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും സേവനവ്യവസ്ഥകളും നിബന്ധനകളും) ഭേദഗതി റഗുലേഷനുകൾ എന്ന് പേര് പറയാവുന്നതാണ്.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

---

**2018 നവംബർ 28-ാം തീയതിയിലെ 2957-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2018 ജൂൺ 12-ാം തീയതിയിലെ നമ്പർ 875/അഡ്മിൻ./ 14/കെഎസ്ഇആർസി വിജ്ഞാപന പ്രകാരം പ്രസിദ്ധപ്പെടുത്തി.*

***2.റഗുലേഷനുകളുടെ ഭേദഗതി.-*** 2016-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും സേവനവ്യവസ്ഥകളും നിബന്ധനകളും) റഗുലേഷനുകളിൽ, പട്ടിക III -ൽ, 1,2,3 എന്നീ ക്രമനമ്പരുകൾക്കെതിരെയുള്ള ഉൾക്കുറിപ്പുകൾക്കു പകരം താഴെപ്പറയുന്ന ഉൾക്കുറിപ്പുകൾ യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:-

| | | | |
|---|---|---|---|
| "കമ്മീഷൻ സെക്രട്ടറി | കമ്മീഷൻ | കമ്മീഷൻ | സംസ്ഥാന സർക്കാർ |
| ഡയറക്ടർ(ടെക്നിക്കൽ) | ചെയർമാൻ | കമ്മീഷൻ | സംസ്ഥാന സർക്കാർ |
| ഡയറക്ടർ(ഫിനാൻസ്) | ചെയർമാൻ | കമ്മീഷൻ | സംസ്ഥാന സർക്കാർ". |

കമ്മീഷന്റെ ഉത്തരവിൻ പ്രകാരം,

സന്തോഷ് കുമാർ.കെ.ബി.,
സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 2016-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും സേവനവ്യവസ്ഥകളും നിബന്ധനകളും) റഗുലേഷനുകൾ 2016 ഫെബ്രുവരി 15-ാം തീയതിയിലെ 373-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. മേൽപ്പറഞ്ഞ റഗുലേഷനുകൾക്ക് അനുബന്ധമായിട്ടുള്ള പട്ടിക III -ൽ കമ്മീഷൻ സെക്രട്ടറി, ഡയറക്ടർ (ടെക്നിക്കൽ), ഡയറക്ടർ (ഫിനാൻസ്) എന്നീ തസ്തികകളുടെ ശിക്ഷണാധികാരസ്ഥാനവും അപ്പീലധികാരസ്ഥാനവും കമ്മീഷൻ എന്നാണ് കാണിച്ചിരിക്കുന്നത്. ഒരേ അധികാരസ്ഥാനം ശിക്ഷണാധികാരസ്ഥാനത്തിന്റെയും അപ്പീലധികാരസ്ഥാനത്തിന്റെയും അധികാരങ്ങൾ വിനിയോഗിക്കുന്നത് അംഗീകരിക്കാവുന്നതല്ലെന്നും റഗുലേഷനുകൾക്ക് ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണെന്നും

ഇപ്പോൾ സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് മേൽപ്പറഞ്ഞ റഗുലേഷനുകൾ ഭേദഗതി ചെയ്യാൻ കമ്മീഷൻ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

(ശരിത്തർജ്ജമ)

---

**കുറിപ്പ്:** ഈ മലയാള പരിഭാഷയും 2018 നവംബർ 28-ാം തീയതിയിലെ 2957-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2018 ജൂൺ 12-ാം തീയതിയിലെ നമ്പർ 875/അഡ്മിൻ/14/കെഎസ്ഇആർസി വിജ്ഞാപന പ്രകാരം പ്രസിദ്ധപ്പെടുത്തിയ ഇംഗ്ളീഷിലുള്ള The Kerala State Electricity Regulatory Commission (Terms and Conditions of Service of Officers and Other Employees) Amendment Regulations, 2018-ഉം തമ്മിൽ വ്യത്യസ്ത വ്യാഖ്യാനങ്ങൾക്ക് കാരണമാകുന്നപക്ഷം പരാമർശിച്ച ഇംഗ്ളീഷിലുള്ള റഗുലേഷനുകൾ ആധികാരിക പാഠമായി കരുതപ്പെടേണ്ടതാണ്.